കാസർഗോഡ് ജില്ലയിലെ സർക്കാർ അർദ്ധസർക്കാർ ഓഫീസുകളിലെ ഒഴിവുകൾ

57 [2487] *ശ്രീ. സി. ടി. അഹമ്മദ് അലി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സർക്കാർ, അർദ്ധസർക്കാർ ഓഫീസുകളിൽ എത്ര ഒഴിവുകൾ 30-6-2005 വരെ ഉണ്ടായിരുന്നുവെന്നും, അവ ഏതൊക്കെയാണെന്നും അവ ഓരോന്നും എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്തുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുവരുന്നു.

പബ്ലിക് റിലേഷൻസ് വകുപ്പിലെ മലയാളം ട്രാൻസ്ലേറ്റർമാരുടെ ഒഴിവുകൾ

58 [2488] *ശ്രീ. കോവൂർ കുഞ്ഞുമോൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് റിലേഷൻസ് വകുപ്പിൽ മലയാളം ട്രാൻസ്ലേറ്റർമാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത്;

(ബി) എവിടെയാണ് ഒഴിവുകളുള്ളതെന്നും അവ എത്ര കാലമായി ഒഴിഞ്ഞു കിടക്കുന്നു എന്നും വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തസ്തികയ്ക്കുവേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) സെക്രട്ടേറിയറ്റിലെ പി.ആർ.ഡി. വകുപ്പിൽ ഇതേ തസ്തികയിൽ എത്ര ഒഴിവുകളുണ്ടെന്നും ഈ ഒഴിവുകൾ എന്നു മുതൽ ഒഴിഞ്ഞു കിടക്കുന്നു എന്നും അറിയിക്കുമോ;

(ഇ) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എന്നത്തേക്ക് റിപ്പോർട്ട് ചെയ്യുമെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പ്രസ്തുത ഒഴിവുകൾ അടിയന്തിരമായി നികത്തുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണെന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നാല് (4) ഒഴിവുകൾ.

(ബി) ചീഫ് ടൗൺ പ്ലാനറുടെ ആഫീസ്, തിരുവനന്തപുരം. ഐ & പി.ആർ.ഡി. യുടെ എഡിറ്റോറിയൽ (മലയാളം) വിഭാഗം, എഡിറ്റോറിയൽ (ഇംഗ്ലീഷ്) വിഭാഗം, പരസ്യ വിഭാഗം എന്നിവിടങ്ങളിലാണ് ഒഴിവുള്ളത്. ചീഫ് ടൗൺ പ്ലാനറുടെ ആഫീസിലെ ഒഴിവ് 22-9-2001 മുതലും ഡയറക്ടറേറ്റിലെ മറ്റ് മൂന്നു ഒഴിവുകൾ 27-5-2003 മുതലും ആണ് ഉണ്ടായത്.

(സി) മലയാളം ഓപ്ഷണൽ ആയി അംഗീകൃത യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ബിരുദം, ആകാശവാണി, പത്രമാഫീസ് അല്ലെങ്കിൽ പ്രസിദ്ധീകരണ സ്ഥാപനത്തിൽ തർജ്ജമ ചെയ്യുന്നതിലുള്ള മുൻപരിചയം.

(ഡി) പി. ആർ. ഡി. വകുപ്പിൽ മലയാളം ട്രാൻസ്ലേറ്റർമാരുടെ മൂന്നു ഒഴിവു കളാണുള്ളത്. ഇവ 27-5-2003 മുതൽ ഒഴിഞ്ഞുകിടക്കുന്നു.

(ഇ) & (എഫ്) റിപ്പോർട്ട് ചെയ്തിട്ടില്ല. ട്രാൻസ്ലേറ്റർ തസ്തിക അസി. ഇൻഫർമേഷൻ ആഫീസർ തസ്തികയായി പുനഃനാമകരണം ചെയ്യാനുള്ള നടപടി എടുത്തുവരുന്നു. അതിനുശേഷമേ ഒഴിവുകൾ പി.എസ്.സി.-ക്കു റിപ്പോർട്ടു ചെയ്യാൻ കഴിയു.

ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അസിസ്റ്റന്റ് ഗ്രേഡ്-2 നിയമനത്തിൽ സംവരണം

59 [2489] *ശ്രീ. തമ്പാനൂർ രവി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് 2% സംവരണം ഏർപ്പെടുത്താൻ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ഇല്ലെങ്കിൽ നിശ്ചിത യോഗ്യത ഉള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അസിസ്റ്റന്റ് ഗ്രേഡ്-2 തസ്തികയിലേക്ക് സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. വിശദാംശങ്ങൾ പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly